**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **08-10-2021 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് വീണ്ടും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് യഥാസമയം ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഇപ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (എ) | 2021 വർഷത്തെ കീം പ്രവേശനവുമായി ബന്ധപ്പെട്ട് 01/06/2021 മുതൽ 21/06/2021 വരെ തീയതികളിൽ ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിച്ചിരുന്നു. തുടർന്ന് അപേക്ഷ സമർപ്പിക്കുന്നതിന് 30.06.2021 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. മെഡിക്കൽ, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്റെ ഭാഗമായി 14.09.2021 മുതൽ 18.09.2021 വരെയും സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. 25.05.2021 ലെ ജി.ഒ (എം.എസ്) നം.269/2021/ഉവിവ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച 2021 വർഷത്തെ കീം പ്രോസ്പെക്ടസിലെ ക്ലോസ് (6) ലെ വ്യവസ്ഥകൾ പ്രകാരം അർഹരായവർക്ക് അപേക്ഷ സമർപ്പിക്കുവാൻ കഴിയുമായിരുന്നു. |

സെക്ഷൻ ഓഫീസർ